# രാമായണത്തിലെ പ്ലോട്ട്

വാസുദേവ് പുളിക്കൽ

ഏതൊരു കൃതിയിലും വളരെ പ്രാധാന്യമുള്ളതാണ് പ്ലോട്ട്. പ്ലൊട്ട് തയ്യാറായാൽ എഴുതുന്നത് അത്ര ആയാസമുള്ള കാര്യമല്ല. രാമായണത്തിൽ  പ്ലോട്ട് അവതരിപ്പിച്ച് വികസപ്പിച്ചെടുത്തിരിക്കുന്നത് രണ്ടാം അദ്ധ്യായത്തിലാണ്. അതുകൊണ്ടു പലരും രണ്ടാം അദ്ധ്യായത്തിനു കൂടുതൽ പ്രാധാന്യം നൽകുന്നുണ്ട്. രാമായണം വായിക്കുമ്പോൾ ഒരു നോവൽ വായിക്കുന്ന പ്രതീതിയുളവാക്കത്തക്ക രീതിയിലാണ് അതിൻെറ രചനാവിധാനം. നോവൽ വായിച്ചു തുടങ്ങുന്നതു മുതൽ നോവലിലെ കഥാപാത്രങ്ങൾക്ക് എന്താണ് സംഭവിക്കുന്നതെന്നും നോവലിൻെറ അവസാനം എങ്ങനെ ആയിരിക്കുമെന്നുള്ള അകാംക്ഷ വായനക്കാരുണ്ടാകും. കഥാതന്തു ലഭ്യമായാൽ അതു വികസിപ്പിച്ചെടുത്ത് നോവലിന് രൂപം കൊടുക്കുകയാണ് നോവലിസ്റ്റ് ചെയ്യുന്നത്. നോവൽ വായിക്കുമ്പോൾ വായനക്കാരിൽ ജിജ്ഞാസയുളവാക്കാൻ നോവലിസ്റ്റ് പ്രത്യേകം ശ്രദ്ധിക്കുന്നു. എന്നാൽ ഇതിൽ നിന്നും വ്യത്യസ്ഥമാണ് രാമായണം. രമായണത്തിൽ കാര്യങ്ങൾ കാലേകൂട്ടി അറിയത്തക്കവിധത്തിലാണ് സംഭവങ്ങൾ വിവരിച്ചിരിക്കുന്നത്. നിരൂപണാത്മകമായി സമീപിക്കുമ്പോൾ ഇത് രചനയിൽ സംഭവിച്ച ഒരു വീഴ്ചയായിട്ടു വേണം വിലയിരുത്താൻ. രാമൻേറയും സീതയുടേയും ജന്മോദ്ദേശ്യം നേരത്തെ തന്നെ വെളിപ്പെടുത്തുന്നു. 'നാളെ വനത്തിനു പോകുന്നതുണ്ടു ഞാൻ, നാളീകലോചനൻ പാദങ്ങൾ തന്നാണേ, സീതയെ കാരണ ഭൂതയാക്കിക്കൊണ്ടു യതുധാനാന്വയ നാശം വരുത്തുവൻ സത്യമിതെന്നരുൾ ചെയ്തു രഘുപതി'. ഇതിൽ നിന്നും ആകാംക്ഷയുളവാക്കുന്ന ഒന്നും തന്നെ സംഭവിക്കുന്നില്ല എന്ന് മനസ്സിലാക്കുന്ന വായനക്കാർ എങ്ങനെയാണ് രാവണവധം സാധ്യമാക്കുന്നത് എന്ന ചിന്തയോടെ കവിയുടെ ഭാവനാവനാവൈഭവം ആസ്വദിച്ചുകൊണ്ട് രാമായണം വായിക്കുന്നു.

എന്നാൽ രാമനെ യുവരാജാവായി അഭിഷേകം ചെയ്യാനുള്ള കോലാഹലങ്ങൾ നടക്കുന്നു. രാമാഭിഷേകാർത്ഥമായ് എന്തെല്ലാം ഒരുക്കങ്ങൾ വേണമെന്ന് തീരുമാനിക്കുന്നു. ചേൽക്കണ്ണിമാരായ പതിനാറു കന്യകമാരെ പുലർകാലേ ചമയിച്ചു നിർത്തണം, മത്തഗജങ്ങളെ പൊന്നണിയിക്കണം, രത്നങ്ങളമുഴ്ത്തിയ ആയിരം സ്വർണ്ണ കലശങ്ങൾ ഒരുക്കണം, വേണ്ടത്ര നർത്തകിമാരും ഗായകന്മാരും ഉണ്ടായിരിക്കണം, വാദ്യഘോഷങ്ങളും ദേവാലയങ്ങൾ തോറും ദീപാവലികളും മഹോത്സവങ്ങളും ഒരുക്കണം എന്നിങ്ങനെ അഭിഷേകം പൊടിപുരമാക്കാനുള്ള ഏർപ്പാടുകൾ ഒരു വശത്ത് വസിഷ്ടൻെറ നിർദ്ദേശപ്രകാരം നടക്കുമ്പോൾ മറുവശത്ത് അഭിഷേകം മുടക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. 'മന്ഥരയുടെ നാവിന്മേൽ ചെന്നു വസിച്ച് അവളെക്കൊണ്ട് പറയിപ്പിച്ച് കൈകേകിയെക്കൊണ്ട് അഭിഷേകം മുടക്കിക്കണമെന്ന് വാനവരെല്ലാം ഒത്തു ചേർന്ന് വാണീഭഗവതിയോട് അപേക്ഷിച്ചതനുസരിച്ച് അഭിഷേകം മുടങ്ങി. വാസ്തവത്തിൽ അഭിഷേകം മുടങ്ങാൻ കാരണമായത് മന്ഥരയോ കൈകേകിയോ അല്ല സാക്ഷാൽ ഭഗവാൻ തന്നെയാണ്. ഈശ്വരനിശ്ചയമനുസരിച്ച് അഭിഷേകം മുടങ്ങി. 'വാണീഭഗവതി മന്ഥരതൻ വദനാന്തരേ ചെന്നു വാണീടിനാൾ ദേവകാര്യാർത്ഥമായ്'.

രാമാഭിഷേകം അടുത്ത ദിവസം ഉണ്ടെന്ന് മന്ഥര അറിയിച്ചപ്പോൾ 'പുത്രനാം രാമനെ സ്നേഹമെനിക്കേറും, രാമനും കൗസല്യാദേവിയെക്കാളെന്നെ പ്രേമമേറും' എന്നിങ്ങനെ കൈകേകി രാമനെ പുകഴ്ത്തിക്കൊണ്ടിരുന്നപ്പാൾ മന്ഥര വീണ്ടും ഇടപെടുന്നു. 'ഭൂപതി നിന്നെ വഞ്ചിച്ചതറിഞ്ഞീലേ? ത്വൽപുത്രനായ ഭരതനേയും ബലാൽ തൽപ്രിയനായ ശത്രുഘ്നനേയും നൃപൻ മാതുലനെ കാണാനയച്ചതും ചേതസി കല്പിച്ചുകൊണ്ടു തന്നേയിതും, രാജ്യാഭിഷേകം കൃതം രാമനെങ്കിലോ രാജ്യാനുഭൂതി സൗമിത്രിക്കു നിർണ്ണയം, ഭാഗ്യമത്രെ സുമിത്രക്കതും കണ്ടു നിർഭാഗ്യയായോരു നീ ദാസിയായ് നിത്യവും താപവും പൂണ്ടു ധരണിയിൽ വീഴ്കയിൽ നല്ലൂ മരണമതിനില്ല സംശയം, കൗസല്യതന്നെ പരിചരിച്ചീടുക' എന്നൊക്കെ  പറഞ്ഞ് മന്ഥര അഭിഷേകത്തിനു ഭംഗം വരുത്താനുള്ള കൈകേകിയുടെ വികാരങ്ങളെ തട്ടിയുണർത്തിക്കൂണ്ടിരുന്നു. 'രാമനീരേഴാണ്ടു കാനനവാസവും ഭൂമിപാലാജ്ഞയാ ചെയ്യുമാറാക്കണം, നാടടക്കം ഭരതനു വരുമതി പ്രൗഢകീർത്ത്യ നിനക്കും വസിക്കാം ചിരം'. അതിനുള്ള ഉപായവും മന്ഥര പറഞ്ഞു കൊടുക്കുന്നു. പണ്ട് സുരാസുരയുദ്ധത്തിൽ ദശരഥൻെറ രഥചക്രത്തിൻെറ ആണി ഊരിപ്പോയപ്പോൾ നീ നിൻെറ കൈവിരൽ ഇട്ട് യുദ്ധം കഴിവോളം നിന്നതിൽ സന്തുഷ്ടനായ ദശരഥൻ നിനക്കു തന്ന രണ്ടു വരത്തിൽ ഒന്ന് ഭരതനെ രാജാവായി വാഴിക്കണമെന്നും മറ്റേത് രാമൻ പതിനാലുവർഷം വനവാസത്തിനു പോകണമെന്നുള്ള മന്ഥരയുടെ ഉപദേശം കൈകേയിക്ക് സ്വീകാര്യമായി. 'ശോഭപൂണ്ടൊരു കാർകൂന്തലഴിച്ചിട്ടു പൂമേനിയും പൊടികൊണ്ടങ്ങണിഞ്ഞിഹ ഭൂമിയിൽത്തന്നെ മലിനാബരത്തോടും കണ്ണുനീരാലോല മുഖവും മുലകളും നന്നായ് നനച്ചു കൊണർത്ഥിച്ചുകൊള്ളുക വരം' എന്ന് മന്ഥര ഉപദേശിച്ചതനുസരിച്ച് കൈകേയി ചെയ്തു. 'ശിഷ്ടനായുള്ളവനെന്നങ്ങിരിക്കിലും ദുഷ്ടസംഗംകൊണ്ടു കലാന്തരത്തിനാൽ സജ്ജനനിന്ദ്യനായ് വന്നു കൂടും ദൃഢം. ദുർജ്ജന സംസർഗമേറ്റമകലവേ വർജ്ജിക്കവേണം പ്രയത്നേന സൽപുമാൻ, കജ്ജളം പറ്റിയാൽ സ്വർണ്ണവും നിഷ്പ്രഭം' എന്ന ശ്രദ്ധേയമായ ഉപദേശം രാമായണം നൽകുന്നു.

കൈകേയിയെ അന്തഃപുരത്തിൽ കാണാതിരുന്നപ്പോൾ ദശരഥൻ അസ്വസ്ഥനായി. 'മന്ദിരം തന്നിൽ ഞാൻ വന്നു കൂടും വിധൗ മന്ദസ്മിതം ചെയ്തരികെ വരും പുരാ, സുന്ദരിയാമവളിന്നെങ്ങുപോയിനാൾ? മന്ദമാകുന്നിതുന്മേഷമെന്മാനസേ'. കൈകേയി ദശരഥൻെറ ബലഹീതതയാണ്. കൈകേയിയെ പിരിഞ്ഞിരിക്കാൻ ദശരഥന് സാധിക്കുകയില്ല. ദാസിമാരോടു ചോദിച്ചപ്പൊൾ ദേവി ക്രോധാലയം പ്രാപിച്ച് കരഞ്ഞുകൊണ്ടിരിക്കുകയാണെന്നും അതിൻെറ കാരണമറിയില്ലെന്നും ദേവിയുടെ മനോസുഖത്തിനുവേണ്ടി പ്രവർത്തിക്കുന്നതാണുത്തമമെന്നുമുള്ള മറുപടി കേട്ട് ദശരഥൻ കൈകേയിയെ തഴുകിത്തലോടി സമാശ്വസിപ്പിച്ചു. 'ശ്രീരാമനാണേ ഞാൻ അംഗനാരത്നമേ ചെയ്‍വ തവ ഹിതം' എന്ന ശപഥവും ചെയ്തു. ഇതു കേട്ട് സന്തുഷ്ടയായ കൈകേയി വരങ്ങൾ ആവശ്യപ്പെട്ടു. 'ഭൂമിപാലകനായി ഭരതനെയാക്കണം രാമനുഷസി വനത്തിന്നു പോകണം. എന്നീ രണ്ടു വരങ്ങളും നൽകുകിലിന്നു മരണമെനിക്കില്ല നിർണ്ണയം' എന്നു കൈകേയി പാറഞ്ഞതു കേട്ട് ദശരഥൻ മോഹാലസ്യപ്പെട്ട് തറയിൽ വീണു. ഇത്തരം ദുസ്സഹവാക്കുകൾ കൈകേയിയിൽ നിന്നും ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. താൻ ദുസ്വപ്നം കാണുകയാണോ എന്ന് ദശ്രഥൻ സംശയിക്കാൻ തുടങ്ങി. 'എന്തിവണ്ണം പറയുന്നു ഭദ്രേ നീ എന്തു നിന്നോടു പിഴച്ചിതു രാഘവൻ? നിന്നുടെ പുത്രനു രാജ്യം തരാമല്ലോ ധന്യശീലേ രാമൻ പോകണമെന്നുണ്ടോ? രാമനാലേതും ഭയം നിനക്കുണ്ടാകാ ഭൂമീപതിയായ് ഭരതനിരുന്നാലും'. എന്നു കരഞ്ഞുപേക്ഷിച്ചിട്ടും കൈകേകി കുലുങ്ങിയില്ല. രാമൻ ഉഷസ്സിനു വനവാസത്തിനു പോയില്ലെങ്കിൽ താൻ

ആത്മഹത്യ ചെയ്യുമെന്നും കൈകേയി ഭീഷണിപ്പെടുത്തുകയും ചെയ്തു. രാമനെ പിരിയുന്നതോർത്തപ്പോൾ ദശരഥൻ വീണ്ടും മോഹാലസ്യപ്പെട്ടു. സുമന്ത്രർ പുലർകാലേ കൊട്ടാരത്തിൽ എത്തിയപ്പോൾ ഖിന്നനായ് കണ്ണുനീരും വാർത്ത് തറയിൽ കിടക്കുന്ന രാജാവിനെ കണ്ട് വ്യാകുലചിത്തനായി രാജാവിൻെറ ദുഃഖത്തിനുള്ള കാരണമാരാഞ്ഞപ്പോൾ രാത്രിയിൽ ശരിയായ ഉറക്കം കിട്ടാഞ്ഞതിനാൽ രാജാവ് ക്ഷീണിതനായി രാമരാമേതി ജപിച്ചിരിക്കയാണെന്നും അതുകൊണ്ട് ഉടൻ രാമനെ വരുത്തണമെന്നും കൈകേയി പറഞ്ഞെങ്കിലും സുമന്ത്രർ രാജകല്പനക്കായി കാത്തുനിന്നു. 'സുന്ദരനായൊരു രാജകുമാരനാം നന്ദനൻ തൻ മുഖം വൈകാതെ കാണണം' സുമന്ത്രർ രാജകല്പന പാലിച്ചു. രാമൻ കൊട്ടാരത്തിൽ എത്തിയപ്പോൾ രാമനെ ആലിംഗനം ചെയ്യാൻ കൈകൾ നീട്ടിയപ്പോൾ ദശരഥൻ ബോധരഹിതനായി തറയിൽ വീണു. കൈകേയിയിൽ നിന്നും രാമൻ പിതാവിൻെറ ദുഃഖത്തിനുള്ള കാരണം മനസ്സിലാക്കി വനയാത്രക്ക് പോകാൻ തയ്യാറായി. 'ചെയ്കഭിഷേകം ഭരതനു ഞാനിനി വൈകാതെ പോവൻ വനത്തിനു മാതാവേ എന്തതെന്നോടു ചൊല്ലാഞ്ഞു പിതാവതു ചിന്തിച്ചു ദുഃഖിപ്പതിനെന്തു കാരണം? രാജ്യത്തെ രക്ഷിപ്പതിനുമതിയവൻ, രാജ്യമുപേക്ഷിപ്പതിനു ഞാനും മതി' എന്ന രാമൻെറ വാക്കുകൾ കേട്ട് കൈകേയി വളരെ സന്തോഷവതിയായി.

പുത്രദുഃഖം അനുഭവിക്കാനുള്ള കാരണം എന്തെന്നാലോചിച്ചപ്പോൾ ദശരഥൻെറ ചിന്തകൾ പിറകോട്ടു പോയി. ഒരിക്കൽ ദശരഥൻ വനാന്തരത്തിൽ നായാടിക്കൊണ്ടിരുന്നപ്പോൾ ഒരു താപസബാലൻ നദിയിൽ നിന്ന് കുടത്തിൽ വെള്ളം കോരിയെടുക്കുന്ന ശബ്ദം കേട്ട് ആന തുമ്പിക്കൈകൊണ്ട് വെള്ളം കോരിക്കുടിക്കുകയാണ് എന്ന് തെറ്റിദ്ധരിച്ച് അമ്പെയ്തു. അമ്പുകൊണ്ട ബാലൻെറ നിലവിളി കേട്ടപ്പോൾ ദശരഥൻ അമ്പരന്നു. ബാലൻെറ അടുത്തെത്തി തനിക്ക് അബദ്ധം പറ്റിയതാണെന്നും താനൊരു ദോഷവും ആർക്കും ചെയ്തീല എന്നൊക്കെ പറഞ്ഞ് താപസബാലൻെറ കാൽക്കൽ വീണ് മാപ്പപേക്ഷിച്ചു. എൻെറ മതാപിതാക്കൾ വാർദ്ധക്യമേറി ജരാനരയും പൂണ്ട് വെള്ളത്തിനായി കാത്തിരിക്കുന്നു. ദാഹം കെടുക്ക നീ തണ്ണീർ കൊടുത്തിനി വൃത്താന്തമെല്ലാമവരോടറിയിക്ക, സത്യമെന്നാലവർ നിന്നെയും രക്ഷിക്കും, എന്നുടെ താതനു കോപമുണ്ടാകിലോ നിന്നെയും ഭസ്മമാക്കിടുകറിക നീ'. ദശരഥൻ വൃദ്ധദമ്പതിമാരുടെ അടുത്തെത്തി കാര്യങ്ങൾ പറഞ്ഞിട്ട് ജ്ഞാനികളായ നിങ്ങളെല്ലാം ക്ഷമിക്കണമെന്നപേക്ഷിച്ചു. ബാലൻെറ പിതാവിൻെറ നിർദ്ദേശപ്രകാരം ദശരഥൻ ചിതകൂട്ടി മൃതദേഹം ചിതയിൽ വച്ചപ്പോൾ ആ ചിതയിലേക്ക് വൃദ്ധദമ്പതിമാരും ചാടി. പുത്രശോകത്താൽ മരിക്കെന്ന് ദശരഥനെ ശപിക്കുകയും ചെയ്തു. സാക്ഷാൽ തപസ്വികൾ ഈശ്വരന്മാരാണ്. അവരുടെ ശാപം ഫലിക്കാതിരിക്കില്ല എന്നു പറഞ്ഞ് ദശരഥൻ വീണ്ടും കരഞ്ഞു തുടങ്ങി. രാജീവനേത്രനെ ചിന്തിച്ചു ചിന്തിച്ചു 'രാജാദശരഥൻ പുക്കു സുരാലയം'. പിന്നീട് ഭരത-ശത്രുഘ്നന്മാർ എത്തുന്നതും അവർ രാമനെ കൂട്ടിക്കൊണ്ടു പോരാൻ വനത്തിലേക്ക് പോകുന്നതും രാമനിൽ നിന്നും മെതിയടി സ്വീകരിച്ച് സിംഹാസനത്തിൽ വച്ച് രാജ്യം ഭരിച്ചതും മറ്റും ഈ അദ്ധ്യായത്തിൽ തന്നെ വിവരിച്ച് പ്ലോട്ട് പൂർത്തീകരിക്കുന്നതായി കാണാം.

രമാഭിഷേകം മുടങ്ങുമെന്ന് തോന്നിയപ്പാൾ ലക്ഷ്മണന് നിയന്ത്രണം നഷ്ടപ്പെടുന്ന അവസരങ്ങളിൽ രാമൻ ലക്ഷ്മണന് തക്കതായ ഉപദേശങ്ങൾ നൽകുന്നതായി കാണാം. അതിനുമുമ്പു തന്നെ സുമിത്ര മികവുറ്റതും കാര്യമാത്രപ്രസക്തവുമായ ഉപദേശം ലക്ഷ്മണന് നൽകുന്നുണ്ട്. 'അഗ്രജൻ തന്നെപരിചരിച്ചെപ്പൊഴുമഗ്രേ നടന്നുകൊള്ളണം പിരിയാതെ. രാമനെ നിത്യം ദശരഥനെന്നുള്ളിലാമോദമോടു നിരൂപിച്ചുകൊള്ളണം. എന്നെ ജനകാത്മജയെന്നുറച്ചുകൊൾ, പിന്നെയയോദ്ധ്യയെന്നോർത്തീടടവിയെ. മായാവിഹീനമീവണ്ണമുറപ്പിച്ചു

പോയാലുമെങ്കിൽ സുഖമായ് വരിക തേ'. സുമിത്ര ഏതാനം വാക്കുകളിൽ നൽകിയ ഈ ഉപദേശത്തിൽ രാജാവും രാജ്യവും രാജ്യസ്നേഹവും സേവനതൽപരതയും എല്ലാം അടങ്ങിയിരിക്കുന്നു. 'മതൃവചനം ശിരസിധരികൊണ്ടാദരവോടു തൊഴുതു സൗമിത്രിയും തന്നുടെ ചാപശരാദികൾ കൈക്കൊണ്ടു ചെന്നു രാമാന്തികേ നിന്നു വണങ്ങിനാൻ'. ലക്ഷ്മണൻ തൻെറ കർത്തവ്യനിർവ്വഹണത്തിനു ഒരിക്കലും വീഘ്നം വരുത്തുന്നില്ല

തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ രാമായണത്തിൽ പ്ലോട്ട് വികസിപ്പിച്ചെടുത്തിരിക്കുന്നത് രണ്ടാം അദ്ധ്യായത്തിലാണ്. അതിനോടനുബന്ധിച്ച കാര്യങ്ങളാണ് വായനക്കാർ തുടർന്നു വായിക്കുന്നത്. പ്ലോട്ട് വികസിപ്പിച്ചെടുത്താൽ അനുയോജ്യമായ ഭാഷ ഉപയോഗിച്ച് രചയിതാവ് തൻെറ ആശയപ്രപഞ്ചം തുറന്നിടുന്നു. സീതാപ്രിത്യാഗത്തെപറ്റി ഈ അദ്ധ്യായത്തിൽ സൂചിപ്പിക്കാതിരുന്നത് സീതാപരിത്യാഗത്തെപ്പറ്റി പ്രതിപാദിക്കുന്നത് ഉത്തരരാമായണത്തിലായതുകൊണ്ടായിരിക്കാം. രാമഭക്തന്മാർ യുദ്ധകാണ്ഡവും വായിച്ച് അതിൻെറ അവസാനം കൊടുത്തിരിക്കുന്ന രാമായണ ഫലശ്രുതി വായിച്ച് വായന അവസാനിപ്പിക്കുകായാണ് ചെയ്യുന്നത്. ഉത്തരരാമായണം വായിക്കാറില്ല.

(തുടരും)

******

ഈ സമയത്ത്  കൊട്ടാരത്തിൽ എത്തിയ നാരദൻ താൻ വന്നതിൻെറ ഉദ്ദേശ്യം വെളിപ്പെടുത്തുന്നു, രാവണനെ വധിക്കാനായ് മനുഷ്യനായ് വന്ന് ദശരഥപുത്രനായി ജനിച്ചുവെങ്കിലും ഭാവനെ ദശരഥൻ അഭിഷേകം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നതിനാൽ ദശമുഖനെ വധിക്കാനുള്ള അവസരം ലഭിക്കാതെ വരും. ഭവാൻ സത്യത്തെ രക്ഷികൊള്ളണം. ഭവാൻ സത്യസന്ധനാണെങ്കിലും മർത്യജന്മകൊണ്ട് വിസ്മൃതനായ് വരും എന്നൊക്കെ നറദൻ പറയുന്നത് കേട്ട് ‘സത്യത്തെ ലംഘിക്കയില്ലൊരുനാളും ഞാൻ’ എന്ന് രാമൻ മറുപടിയായി പറഞ്ഞു.